## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1643 10.02.2020 ലെ മറുപടിയ്ക്ക്

## ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ യോഗ്യതയുള്ളവരുടെ നിയമനം.

ചോദ്യം

ശ്രീ. ഇ.എസ്. ബിജിമോൾ

ഉത്തരം

എ.സി മൊയ്തീൻ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടത്തുന്ന മാലിന്യനിർമാർജ്ജന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ യോഗ്യതയുള്ളവരെക്കൂടി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ; | (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടത്തുന്ന മാലിന്യനിർമാർജ്ജന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നിലവിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർമാർ ഉണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിവിധ തസ്തികകളിലേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പ്രധാനപ്പെട്ട യോഗ്യത ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ആണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് അതാത് സ്ഥാപനങ്ങളിൽ സ്ഥിരമോ താൽക്കാലികമോ ആയ പ്രത്യേക തസ്തികകൾ നിലവിലുണ്ടോ: | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ നിലവിൽ ഉണ്ട്.<br>പഞ്ചായത്ത് വകുപ്പിന് കീഴിൽ 22 സാനിറ്ററി ഹെൽത്ത് ഇൻസ്പെക്ടർമാർ |

| | | | |
|---|---|---|---|
| | | | ജോലി ചെയ്തു വരുന്നു. വിവിധ പഞ്ചായത്തുകളിലായി 10 പേരും മുനിസിപ്പാലിറ്റികളായി പരിവർത്തനം ചെയ്ത പഞ്ചായത്തുകളിൽ നിലവിൽ 12 പേരും ജോലി ചെയ്തു വരുന്നു. |
| (ഡി) | ഈ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ഒരു യോഗ്യതയായി പരിഗണിച്ച് വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ ടി തസ്തികകളിലേക്കുള്ള നിയമനങ്ങൾ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരമാണ് നടത്തിവരുന്നത്.<br>ത്രിതല പഞ്ചായത്തുകളിൽ ടി തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 പ്രകാരമാണ് നൽകുന്നത്. |

Danuja M.O

**സെക്ഷൻ ഓഫീസർ**